## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 557** **02-02-2023 - ൽ മറുപടിയ്ക്ക്**

### യുവജനക്ഷേമ കമ്മീഷൻ ചെയർപേഴ്സൺന്റെ ശമ്പളവും ആനുകൂല്യങ്ങളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന യുവജനക്ഷേമ കമ്മീഷൻ ചെയർപേഴ്സൺന്റെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ഇനത്തിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | 26/05/2018 -ലെ സ.ഉ.(അച്ചടി) 5/2018/ കാ.യു.വ പ്രകാരം നിലവിൽ വന്ന കേരള സംസ്ഥാന യുവജന കമ്മീഷൻ ചട്ടങ്ങളിൽ ചെയർപേഴ്സന്റെ പ്രതിമാസ വേതനം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട് യുവജന കമ്മീഷൻ ചെയർപേഴ്സണ പ്രതിമാസം കൺസോളിഡേറ്റഡ് പേ ആയ് ഒരു ലക്ഷം രൂപയാണ് ശമ്പളയിനത്തിൽ നൽകുന്നത്. സിറ്റിംഗ് ഫീസ്, യാത്രാബത്ത ന്യൂസ് പേപ്പർ അലവൻസ് എന്ന് ആനുകൂല്യങ്ങളും നൽകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചെയർപേഴ്സണ് ശമ്പളയിനത്തിൽ 21,00,000/- (ഇരുപത്തിയൊന്ന് ലക്ഷം രൂപ മാത്രം) രൂപയും, സിറ്റിംഗ് ഫീസ് ആയ് 6400/- രൂപയും, യാത്രാബത്തയായ് 20,370/- രൂപയും, ന്യൂസ് പേപ്പർ അലവൻസായി 21,990/- രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | യുവജനക്ഷേമ കമ്മീഷൻ ചെയർപേഴ്സൺന്റെ ശമ്പളം നിലവിൽ വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; പ്രസ്തുത നടപടിക്രമങ്ങൾക്കായി വകുപ്പിൽ കൈകാര്യം ചെയ്ത നോട്ട് കുറിപ്പുകൾ അടക്കമുള്ള ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | യുവജന കമ്മീഷൻ ചെയർപേഴ്സൺന്റെ ശമ്പളം നിലവിൽ വർദ്ധിപ്പിച്ചിട്ടില്ല 23/01/2023 – ലെ സ.ഉ.(സാധാ) 37/2023/ കാ.യു.വ ഉത്തരവ് പ്രകാരം യുവജന കമ്മീഷൻ അധ്യക്ഷയ്ക്ക് കുടിശ്ശിക വേതനം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (അനുബന്ധം I). യുവജന കമ്മീഷൻ ചെയർപേഴ്സണ് യുവജന കമ്മീഷൻ ചട്ടങ്ങൾ അനുസരിച്ച് 06/01/2017 മുതൽ 1 ലക്ഷം രൂപയ്ക്ക് അർഹതയുണ്ടെന്ന് ധനകാര്യ വകുപ്പ് ഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് ധനപ്രതിസന്ധി നിലനിൽക്കുന്ന സാഹചര്യത്തിൽ കമ്മീഷനുകളിലെയും ബോർഡുകളിലെയും കോർപ്പറേഷനുകളിലെയും മേധാവികൾക്ക് ഉയർന്ന ശമ്പളവും കുടിശികയും നൽകുന്നതിന്റെ കാരണം വിശദമാക്കാമോ? | (സി) | ബന്ധപ്പെട്ട ആക്റ്റുകളുടേയും, സർക്കാർ ഉത്തരവുകളുടേയും അടിസ്ഥാനത്തിലാണ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ